ഉത്തരം

(എ) മണ്ണൊലിപ്പു തടയുന്നതിന് വിവിധതരം മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ കൃഷിയിടങ്ങളിലും പൊതുഭൂമിയിലും നടത്തുന്നു.

(ബി) സംസ്ഥാനത്ത് ബണ്ടു നിർമ്മാണം ഉൾപ്പെടെ 1.45 ലക്ഷം ഹെക്ടർ ഭൂമിയിൽ മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) തെരഞ്ഞെടുക്കപ്പെട്ട വാട്ടർഷെഡുകളിൽ മണ്ണൊലിപ്പു തടയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു. പദ്ധതി മുഖേന താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നു.

മലനാട്ടിൽ ഒരു ഹെക്ടർവരെ ഭൂമി കൈവശമുള്ളതും 10000/-രൂപവരെ വാർഷിക വരുമാനമുള്ളതുമായ ഗുണഭോക്താക്കൾക്ക് മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾക്ക് 100% സബ്സിഡി അനുവദിക്കുന്നു. ഇടനാട്ടിൽ 0.5 ഭൂമിയുള്ള 10000 രൂപ വരെ വാർഷിക വരുമാനമുള്ള ഗുണഭോക്താക്കൾക്ക് 100% സബ്സിഡി അനുവദിക്കുന്നു. ഹരിജനഗിരിജന വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് വരുമാന പരിധിയും ഭൂപരിധിയും നോക്കാതെ 100% സബ്സിഡി നൽകുന്നു. മറ്റ് ഗുണഭോക്താക്കൾക്ക് 25% സബ്സിഡി അനുവദിക്കുന്നു. ശാസ്താംകോട്ട, അരുവിക്കര ശുദ്ധജലവിതരണ പദ്ധതികളുടെ നീർമറി പ്രദേശത്തെ മണ്ണു സംരക്ഷണ പ്രവർത്തനത്തിനുള്ള മുഴുവൻ ചെലവും സർക്കാർ വഹിക്കുന്നു.

(ഡി) ഉണ്ട്.

(ഇ) തെരഞ്ഞെടുക്കപ്പെട്ട വാട്ടർഷെഡുകളിലെ മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനായി ഓരോ വാട്ടർഷെഡിനും അതാതു പ്രദേശത്തെ ഗുണഭോക്താക്കളും പഞ്ചായത്ത് പ്രതിനിധികളും അംഗങ്ങളായുള്ള ഗുണഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വാട്ടർഷെഡിൽ നടപ്പാക്കുന്ന എല്ലാ പ്രവർത്തനങ്ങളും മണ്ണു സംരക്ഷണ വിഭാഗത്തിലെ സാങ്കേതിക ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ വാട്ടർഷെഡ് കമ്മിറ്റികൾ നടപ്പിലാക്കുന്നു.

129 (1861) കബനി നദീതടത്തിലെ മണ്ണു സംരക്ഷണ പദ്ധതി

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കബനി നദീതടത്തിലെ മണ്ണുസംരക്ഷണ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) സുൽത്താൻബത്തേരി താലൂക്കിലെ മുഴുവൻ പ്രദേശങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ വേണ്ട നടപടികൾ കൈക്കൊള്ളുമോ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിന് ജില്ലയിൽ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഏതെല്ലാം വകുപ്പുകൾ ചേർന്നാണ് ഈ പദ്ധതി നടപ്പാക്കുന്നത് എന്നറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കബനീ നദീതടപ്രദേശത്തെ കൃഷി ഭൂമികളിൽ കോണ്ടൂർ വെജിറ്റേറ്റീവ് ഫെഡ്ജ് (പുൽത്തരിണകൾ) കോണ്ടൂർ ട്രെഞ്ച് (ചാലുകീറൽ) കോണ്ടൂർ ബണ്ടിംഗ്, ഫലവൃക്ഷ തൈകൾ വച്ചു പിടിപ്പിക്കൽ, നീർചാൽ സംരക്ഷണ പ്രവർത്തനങ്ങൾ (ചെക്ക് ഡാം നിർമ്മാണം) ചെറിയ ഫാം പോണ്ടുകൾ, ചെറിയ കുളങ്ങൾ, വാട്ടർഹാർവെസ്റ്റിംഗ് സ്ട്രക്ചർ എന്നീ പ്രവർത്തനങ്ങളാണ് ചെയ്യുന്നത്.

(ബി) കബനീ നദീ തടത്തിലെ കേരള ഭാഗത്തെ, വെരിഹൈ, ഹൈ, മീഡിയം, ലോ എന്നീ തലത്തിൽപ്പെട്ട 47 വാട്ടർ ഷെഡുകളായി തിരിച്ചിരിയ്ക്കുന്നു. ഇതിൽ വെരിഹൈ, ഹൈ വിഭാഗത്തിൽ വരുന്ന നീർമറി പ്രദേശത്തെ മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾക്കാണ് കേന്ദ്രഗവൺമെന്റ് ധനസഹായം നൽകുന്നത്. അതിനാൽ സുൽത്താൻ ബത്തേരി താലൂക്കിലെ മുഴുവൻ പ്രദേശങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുകയില്ല.

(സി) ഉണ്ട്.

(ഡി) കൃഷി വകുപ്പിന്റെ കീഴിൽ വരുന്ന മണ്ണു സംരക്ഷണവിഭാഗവും വനം വകുപ്പും ചേർന്നാണ് കബിനീ നദീതടം പദ്ധതി നടപ്പാക്കുന്നത്.

130 (1862) ആലപ്പുഴ ജില്ലയിൽ കാർഷികവിളകളുടെ ഉല്പാദനം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിൽ പ്രധാന കാർഷിക വിളകളുടെ ഉല്പാദനം വർദ്ധിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ വിശദവിവരങ്ങൾ മുൻകാലങ്ങളുമായി താരതമ്യപ്പെടുത്തി നൽകുമോ?

ഉത്തരം

(എ) അടയ്ക്ക, വാഴപ്പഴങ്ങൾ, നാളീകേരം, കശുവണ്ടി എന്നീ വിളകളുടെ കാര്യത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നെല്ലിന്റെ ഉല്പാദനക്ഷമതയും വർദ്ധിച്ചിട്ടുണ്ട്.

(ബി) സൂചിപ്പിച്ചിട്ടുള്ള വിളകളുടെ 1995-96 വർഷത്തേയും 1997-98 വർഷത്തേയും ഉല്പാദനം താരതമ്യപ്പെടുത്തി ചുവടെ ചേർക്കുന്നു.

വിള	ഉല്പാദനം	
	1995-96	1997-98
1. അടയ്ക്ക	246 (ദശലക്ഷം)	325 (ദശലക്ഷം)
2. വാഴപ്പഴങ്ങൾ	16981 ടൺ	17498 ടൺ
3. നാളികേരം	336 (ദശലക്ഷം)	399 (ദശലക്ഷം)
4. കശുവണ്ടി	1878 ടൺ	2358 ടൺ

LIBRARY ARCHIVES Kerala Legislative Assembly